# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1592 — 21.03.2012 ൽ മറുപടിയ്ക്ക്

## കർഷകകടാശ്വാസക്കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ.പി. മോഹനൻ<br>(ബഹു: കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകകടാശ്വാസക്കമ്മീഷന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ പ്രസ്തുത ആക്ട് നിലവിൽ വന്ന തീയതിയായ 18.01.2007 നോ അതിനു മുമ്പോ ഒരു കർഷകൻ സഹകരണ ബാങ്കുകളിൽ/ സംഘങ്ങളിൽ നിന്നോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നോ കാർഷികാവശ്യത്തിനോ കാർഷികാനുബന്ധ വാണിജ്യാവശ്യത്തിനോ വാങ്ങിയിട്ടുള്ള വായ്പകളിൻമേൽ കടാശ്വാസം ലഭിക്കുന്നതിനായി കർഷകൻ നിശ്ചിത തീയതിയായ 31.05.2009 നകം കമ്മീഷൻ മുമ്പാകെ നൽകിയിട്ടുള്ള അപേക്ഷകളിൽ വ്യക്തിഗത ഹിയറിംഗ് നടത്തിയതിന് ശേഷം കടാശ്വാസം അനുവദിക്കുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകകടാശ്വാസക്കമ്മീഷന് നൽകിയ തുകയുടെ വിശദാംശങ്ങളും, ആയത് ഏതിനൊക്കെ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കർഷകകടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി 83.5 ലക്ഷം രൂപ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. ഈ തുക ചെയർമാന്റെയും അംഗങ്ങളുടെയും സ്റ്റാഫിന്റെയും ശമ്പളം, ഓണറേറിയം, അലവൻസുകൾ എന്നീ ഇനത്തിലും ഓഫീസിലേക്കാവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ഓഫീസ് ആവശ്യത്തിന് ഉപയോഗിക്കുന്ന കാറിന്റെ വാടക എന്നീ ഇനങ്ങളിലും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കമ്മീഷൻ ചെയർമാന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് അനുവദിച്ച 12,21,272/-രൂപയിൽ 11,41,860/- രൂപ കാർ വാങ്ങുന്നതിനായി ചെലവാക്കിയിട്ടുണ്ട്. |

(സി) കാർഷികവായ്പയിൽ ഇളവുവരുത്തി കടക്കെണിയിൽ അകപ്പെട്ട കർഷകരെ രക്ഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കടക്കെണിയിൽ അകപ്പെട്ട കർഷകർക്ക് വായ്പയിൽ പരമാവധി ഇളവുകൾ സഹകരണ സംഘങ്ങൾ അനുവദിക്കുന്നുണ്ട്. കൂടാതെ, ജപ്തി നടപടികൾ പരമാവധി ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കർഷകകടാശ്വാസക്കമ്മീഷൻ പിരിച്ചു വിടുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നറിയിക്കുമോ?

(ഡി) ജസ്റ്റിസ് കെ.എ.അബ്ദുൾ ഗഫൂർ ചെയർമാനായി 19.03.2007 ൽ രൂപീകരിച്ച കേരള കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി 18.03.2012 ന് അവസാനിച്ചിട്ടുണ്ട്. പുതിയ കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ